# മധുരം

## ലിറ്റിൽ കൈറ്റ്സ് മാഗസിൻ’24

### സെന്റ് കൊർണേലിയൂസ് എച്ച് എസ് എസ്
### കോളയാട്

## Table of Contents

ആശംസ....................................................................................................4
ആശംസ....................................................................................................5
എഡിറ്റോറിയൽ ബോർഡ്..............................................................................6
അക്ഷരമുറ്റത്തെ നന്മമരം...............................................................................7
നന്മയുടെ പാത..........................................................................................9
ഇളം കൂട്...................................................................................................11
മരവും മനുഷ്യനും.....................................................................................12
അനുഭവക്കുറുപ്പ്.......................................................................................13
നന്മയുടെ പാത..........................................................................................14
രണ്ട് സുഹൃത്തുക്കൾ....................................................................................16
എന്റെ സ്വപ്ന ഗ്രാമം....................................................................................18
LET'S RAISE OUR VOICE TOGETHER..................................................19
കണക്കിൻ കളിയിലെന്നും...........................................................................20
അമ്മയെന്ന സഹനപുഷ്പം...........................................................................21
ഇളം കൂട്...................................................................................................23
മുയലും പുലിയും......................................................................................24
നന്ദി.........................................................................................................26

# ആശംസ

സ്നേഹമുള്ളവരേ,

നമ്മുടെ കുട്ടികളുടെ ഉള്ളിൽ നിറയുന്ന സർഗ്ഗാത്മകത കണ്ടെത്തേണ്ടതാവശ്യമാണ ്. ഈ ഡിജിറ്റൽ മാഗസിനിലൂടെ കുട്ടികളുടെ തെളിവുള്ളതും വർണ്ണാഭവുമായ സർഗ്ഗസൃഷ്ടികളെ ആസ്വദിക്കാം. തികച്ചും നവീനവും സൃഷ്ടിപരവുമായ ഈ രചനകൾ മികച്ചനിലവാരം പുലർത്തുന്നു. കുട്ടികളുടേതായ തലത്തിൽ നിന്നുകൊണ്ട ് ഇവയെ നമുക്കാസ്വദിക്കാം. ഈ സംരംഭത്തിൽ സഹകരിച്ച എല്ലാ പ്രതിഭകൾക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ

ബിനു ജോർജ്

# ആശംസ

പ്രിയ കുഞ്ഞുങ്ങളെ,

ഈ അധ്യായന വർഷം സാങ്കേതിക വിദ്യയുടെ ചുവടു പിടിച്ച് നിങ്ങളിൽ അന്തർലീനമായ സർഗവാസനകൾ ആവിഷ്കാരമായി, നിങ്ങൾ പ്രസിദ്ധീകരിച്ച ഡിജിറ്റൽ മാഗസിൻ 'മധുരം' അതിമധുരമായിരിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. നിങ്ങളുടെ സർഗാത്മക കഴിവുകൾ ക്രിയാത്മകമായി ഉപയോഗിച്ച് നന്മയുടെ വസന്തം ഒരുക്കാൻ കഴിയട്ടെ....

ആശംസകളോടെ

കൈറ്റ് മിസ്ട്രസ്

സന്ധ്യ കെ ജി

# എഡിറ്റോറിയൽ ബോർഡ്

സന ഫാത്തിമ

അക്ഷയ കെ എം

അനുപ്രിയ

ഫർഹാ  ഫാത്തിമ

സോന എലിസബത്ത്

മുഹമ്മദ് യാസീൻ

# അക്ഷരമുറ്റത്തെ നന്മമരം

അക്ഷരമുറ്റത്തിനോരത്ത് നിൽക്കുമാ -
ചക്കരമാവിൻ ചുവട്ടിലായീ
വട്ടത്തിലൊട്ടിപിടിച്ചു കൈകൊട്ടി
കളിച്ചൂതിമിർത്തൊരായിന്നലെകൾ ...
ചൊല്ലിപഠിച്ചതും തല്ലിക്കളിച്ചതും
മേളകളെത്രയോ ഘോഷിച്ചതും ...
ആർപ്പൂവിളിക്കൊത്ത് ചാഞ്ഞ് നിൽക്കും കൊമ്പി -
ലാവേശതുന്തില മാടിയതും
കൊച്ചുപിണക്കമിണക്കങ്ങളൊക്കെയും
നിൻതണൽതാരാട്ടിലായിരുന്നൂ
നിൻപൊത്തിലായന്നൊളിപ്പിച്ചു വെച്ചതാം
കൊച്ചുവളപ്പൊട്ടിൻ ചാരുതയെ ...
ചിത്തത്തിലായങ്ങമർത്തിപിടിച്ചാലും
മാരിവില്ലിന്നൊളിപോൽജ്വലിക്കും ...!
അമ്മതൻസ്നേഹം പോലാവോളമാസ്വദി -
ച്ചങ്ങനെ നാളുകൾ പോയ്മറഞ്ഞൂ
വർഷ , വസന്ത , ശരത്കാലമങ്ങനെ ഋതുക്കളുമൊ -
ന്നൊന്നായി വന്നുപോയി ...
നന്മമരത്തിൻശിഖരമറുത്തവരൊന്നുമേ
യ്യിവിധം ചിന്തിച്ചീലാ ...

നിശ്ചയം നീയന്ന് വേദനിച്ചപ്പോഴും

നന്മയെപ്പറ്റിയേയോർത്തിട്ടുള്ളൂ ...

മക്കൾ തൻ നന്മയേ ചിന്തിച്ചുള്ളൂ

ഇക്കരെ കോണിലായ് നോക്കിനിൽക്കുമ്പോഴു -

മറിയാതെൻ മിഴികൾ നിറഞ്ഞിരുന്നു

പടിയിറങ്ങീടുവാനോങ്ങി നിൽക്കുമ്പോഴു -

മൊരുവേളചാരട്ടെ നിൻതണലിൽ ...

ആനി ടീച്ചർ

## നന്മയുടെ പാത

# ദേവനന്ദ മനോജ്

അടുത്തടുത്തുള്ള രണ്ട് വീട്ടുകാർ ഈ വീടുകളിലെ
വീട്ടുകാർ തമ്മിൽ ചേർച്ചയിലല്ല .
രാജുവിന് രാമുവിനെ തീരെ ഇഷ്ടമല്ല . രാമു ഒരു
കർഷകനാണ് . അവരുടേത് ഒരു
ചെറിയ വീടാണ് . കൃഷിയിൽ നിന്ന് കിട്ടുന്ന വരുമാനം
കൊണ്ടാണ് അവർ
ജീവിക്കുന്നത് . രാജുവിന്റെ അത്ര ഒന്നും രാമു പഠിച്ചില്ല .
കൃഷിയിൽ നിന്ന് ലഭിക്കുന്ന
വരുമാനത്തിൽ സന്തോഷത്തോടെയാണ് രാമുവും
കുടുംബവും കഴിഞ്ഞത് . രാജു ഒരു
കമ്പനിയിലാണ് ജോലി ചെയ്യുന്നത് . സമ്പന്നനാണ്
അതിന്റെ അഹങ്കാരവും ഉണ്ട് .
രാമു കൃഷി ചെയ്യുന്നത് രാജുവും കുടുംബവും
പുച്ഛത്തോടെയാണ് കാണുന്നത് . കൃഷി
ഒരു മോശം ജോലിയാണ് എന്ന ധാരണയാണ് രാജുവിന് .
രാമുവിനേയും
കുടുംബത്തേയും വേദനിപ്പിക്കുന്നതിലൂടെ സന്തോഷം
കണ്ടെത്തുകയാണ് രാജു .
ലോകത്ത് എല്ലായിടത്തും കൊറോണ പടർന്ന സമയത്ത്
അവരുടെ പ്രദേശത്ത്
ഒക്കെ ലോക്ഡൗണ് ആയി . രാജുവിന്റെ ജോലി
നഷ്ടപ്പെട്ടു അവരുടെ കുടുംബത്തിന്
വരുമാനം ഇല്ലാതായി . വീട്ടിലെ സാധനങ്ങൾ കുറേശെ
തീരാൻ തുടങ്ങി . രാമു കൃഷി
ചെയ്തുണ്ടാക്കിയ പച്ചക്കറികൾ വിറ്റും ആഹാരമാക്കിയും
ജീവിച്ചു . രാമുവിന് രാജുവിന്റെ

അവസ്ഥ കണ്ട് സങ്കടം തോന്നി . കൃഷി ചെയ്ത് കിട്ടിയ പച്ചക്കറികൾ കുറച്ച്
രാജുവിന് കൊടുത്തു . രാജുവിന് തന്റെ തെറ്റ് എന്താണെന്ന് മനസ്സിലായി .
കൃഷിയുടെയും കർഷകരുടെയും മഹത്വം രാജു തിരിച്ചറിഞ്ഞു . രാമുവിനോടൊപ്പം
രാജുവവും മണ്ണിലേക്ക് ഇറങ്ങി . കൃഷി ഒരു മോശം ജോലിയല്ല എന്ന് രാജു
ലോക്ഡൗണിലൂടെ മനസ്സിലാക്കി .

# ഇളം കൂട്



കാലത്തിന്റെ ഒഴുക്കിൽ നീ എവിടെയോ
മറഞ്ഞു.
സ്നേഹത്തിന്റെ ആഴത്തിൽ നീ ഇളം
തെന്നലായി മാറി.
സൗഹൃദം എന്ന മുനക്ഷരത്തിൽ ഒതുങ്ങാത്ത സ്നേഹം
നിലച്ചോ
സൗഹൃദത്തിന്റെ ആഴത്തിൽ നീ നിർമിച്ച കൂട്ടിൽ ഞാൻ
ഏകയായി
നിൻ മുഖം മനസ്സിൽ പതിപ്പിച്ച് ഈ വരാന്തയിലൂടെ
നടക്കുമ്പോൾ...
വിങ്ങലിൻ തേങ്ങലിൻ ആഴം എത്രയാണ് അറിയില്ല
എന്തിന് കാലം ഇത്ര ക്രൂരയായി
നിൻ വേർപാട് എനിക്ക് തേങ്ങലായി
നാം ഒത്തുചേർന്ന മരത്തിന്റെ ചില്ലയിലെ കിളി
മൊഴിയുന്നു.നിന്റെ ജീവന്റെ പാതി എങ്ങു മറഞ്ഞു.
ഇന്ന് ഞാൻ അന്തകാരത്തിന്റെ നാല് ചുമരുകൾക്ക്
ഉള്ളിൽ ഏകയായി
സ്നേഹം എന്ന ശക്തിയാൽ നാം ഉണ്ടാക്കിയ ഇളം
കൂടിൽ എന്നെ തനിച്ചാക്കി നീ എങ്ങു മറഞ്ഞു.
കാത്തിരിക്കും ഞാൻ എന്റെ വേർപാട് വരെ...
നിൻ മുഖം മനസ്സിൽ പതിപ്പിച്ചു ഈ ലോകത്തിൽ ഞാൻ
യാത്ര തുടരുന്നു.

Sreenanda V E
9 B

## മരവും മനുഷ്യനും

# ആഷിറ്റ് ബിജു



കുളിരേറ്റു മരിച്ചു കിടക്കുന്നു
വേരുകൾ ഉറയ്ക്കാതെ വീഴുന്നു
വേനലിൽ കരയുന്ന മകനെ മകളെ
നീ ചെയ്ത തെറ്റെന്ത് ?
മരുഭൂമിയിൽ ആകുമോ കുടിയേറാൻ
അല്ലയോ മനുഷ്യാ നിനക്കറിഞ്ഞുകൂടെ
വെള്ളമില്ലാതെ ജീവിപ്പാൻ കഴിയില്ലെന്ന് ?
പിന്നെ എങ്ങനെ മരുഭൂമിയിൽ ജീവിക്കാൻ
കഴിയും ?
നിനക്കറിഞ്ഞുകൂടെ .....
പിന്നെ എന്തിനീ ചോദ്യം ചോദിക്കുന്നു നിങ്ങൾ
മനുഷ്യർ ചെയ്യുന്നതിന് ഭവിഷത്ത് അനുഭവിക്കുന്നു .....
ഞങ്ങൾ വൃക്ഷങ്ങൾ നിങ്ങൾ ഞങ്ങളെ വധിക്കുന്നു
വീണ്ടും വളർത്തുന്നു , വീണ്ടും വധിക്കുന്നു ....
എന്തിനിങ്ങനെ ചെയ്യുന്നു ?
ആവതില്ലാ മനുഷ്യാ , ആവതില്ലാ മനുഷ്യാ ,
വെള്ളം ദാഹിക്കുന്നു , വെള്ളം ദാഹിക്കുന്നു .......
വെയിലേറ്റ് മുടികൾ കൊഴിയുന്നു ......
ഞാനിപ്പോൾ വേരടർന്നുവീഴുന്നു ......
മാറുക , മാറുക ,
എത്ര തണൽ നൽകി ഞാൻ
എത്ര ഫലം നൽകി ഞാൻ
എന്നിട്ടും എന്നോടീ ക്രൂരത കാട്ടി ....
വെള്ളം ..... വെള്ളം .....

# അനുഭവക്കുറുപ്പ്

പുതിയ വിദ്യാലയത്തിലേക്ക് പോകാനായി കാത്തിരുന്ന നമ്മുക്ക് കോവിഡ് മഹാമാരി നൽകിയത് ഓൺലൈൻ വിദ്യാഭ്യാസമായിരുന്നു .എങ്കിൽ നമ്മുടെ പഠനം മുടങ്ങാതിരിക്കാൻ സർക്കാരും അധ്യാപകരും അക്ഷീണം പ്രയത്നിച്ചുകൊണ്ടേയിരുന്നു.ഒടുവിൽ,വിദ്യാലയങ്ങൾ പുനരാരംഭിച്ചു.അങ്ങനെ കുറച്ചു ദിവസങ്ങൾക്ക് ശേഷം,
ലിറ്റിൽ കൈറ്റ്സിൽ അംഗത്വം നേടാനുള്ള പ്രവേശന പരീക്ഷ വന്നെത്തി. അതിൽ 40 കുട്ടികൾ ലിറ്റിൽ കൈറ്റ്സിൽ അംഗത്വം നേടി.അധികം വൈകാതെ തന്നെ ലിറ്റിൽ കൈറ്റ്സിന്റെ ക്ലാസുകൾ ആരംഭിച്ചു. തുടർച്ചയായി ക്ലാസുകൾ
നടന്നുകൊണ്ടേയിരുന്നു.എല്ലാവരും അവരവരുടെ പ്രവർത്തനങ്ങൾ ആവേശത്തോടെ പൂർത്തിയാക്കി. വളരെ ലളിതമായി ജോമറ്റ് സാറും നൈസിൽ ടീച്ചറും ക്ലാസുകൾ എടുത്തു തന്നു.ഈ എടുത്തു തന്ന ക്ലാസുകളിൽ വിവിധ തരത്തിലുള്ള ആനിമേഷനുകൾ നിർമ്മിക്കാനും,GIMP,INKSCAPE തുടങ്ങിയ സോഫ്റ്റ്വെയറുകൾ
ഉപയോഗിക്കാനും,മലയാളം ടൈപ്പിങ്ങും പഠിപ്പിച്ചുതന്നു.അങ്ങനെ ഇതുവരെ നമ്മൾ പഠിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ മാഗസിൻ

തയ്യാറാക്കിക്കോണ്ടിരിക്കുന്നു.ഈ ക്ലാസുകൾ വളരെ ഉപയോഗപ്രദമാണ്....

## നന്മയുടെ പാത

# ദേവനന്ദ മനോജ്

അടുത്തടുത്തുള്ള രണ്ട് വീട്ടുകാർ ഈ വീടുകളിലെ
വീട്ടുകാർ തമ്മിൽ ചേർച്ചയിലല്ല .
രാജുവിന് രാമുവിനെ തീരെ ഇഷ്ടമല്ല . രാമു ഒരു
കർഷകനാണ് . അവരുടേത് ഒരു
ചെറിയ വീടാണ് . കൃഷിയിൽ നിന്ന് കിട്ടുന്ന വരുമാനം
കൊണ്ടാണ് അവർ
ജീവിക്കുന്നത് . രാജുവിന്റെ അത്ര ഒന്നും രാമു പഠിച്ചില്ല .
കൃഷിയിൽ നിന്ന് ലഭിക്കുന്ന
വരുമാനത്തിൽ സന്തോഷത്തോടെയാണ് രാമുവും
കുടുംബവും കഴിഞ്ഞത് . രാജു ഒരു
കമ്പനിയിലാണ് ജോലി ചെയ്യുന്നത് . സമ്പന്നനാണ്
അതിന്റെ അഹങ്കാരവും ഉണ്ട് .
രാമു കൃഷി ചെയ്യുന്നത് രാജുവും കുടുംബവും
പുച്ഛത്തോടെയാണ് കാണുന്നത് . കൃഷി
ഒരു മോശം ജോലിയാണ് എന്ന ധാരണയാണ് രാജുവിന് .
രാമുവിനേയും
കുടുംബത്തേയും വേദനിപ്പിക്കുന്നതിലൂടെ സന്തോഷം
കണ്ടെത്തുകയാണ് രാജു .
ലോകത്ത് എല്ലായിടത്തും കൊറോണ പടർന്ന സമയത്ത്
അവരുടെ പ്രദേശത്ത്
ഒക്കെ ലോക്ഡൗണ് ആയി . രാജുവിന്റെ ജോലി
നഷ്ടപ്പെട്ടു അവരുടെ കുടുംബത്തിന്
വരുമാനം ഇല്ലാതായി . വീട്ടിലെ സാധനങ്ങൾ കുറേശെ
തീരാൻ തുടങ്ങി . രാമു കൃഷി
ചെയ്തുണ്ടാക്കിയ പച്ചക്കറികൾ വിറ്റും ആഹാരമാക്കിയും
ജീവിച്ചു . രാമുവിന് രാജുവിന്റെ

അവസ്ഥ കണ്ട് സങ്കടം തോന്നി . കൃഷി ചെയ്ത് കിട്ടിയ
പച്ചക്കറികൾ കുറച്ച്
രാജുവിന് കൊടുത്തു . രാജുവിന് തന്റെ തെറ്റ്
എന്താണെന്ന് മനസ്സിലായി .
കൃഷിയുടെയും കർഷകരുടെയും മഹത്വം രാജു
തിരിച്ചറിഞ്ഞു . രാമുവിനോടൊപ്പം
രാജുവവും മണ്ണിലേക്ക് ഇറങ്ങി . കൃഷി ഒരു മോശം
ജോലിയല്ല എന്ന് രാജു
ലോക്ഡൗണിലൂടെ മനസ്സിലാക്കി .

# രണ്ട് സുഹൃത്തുക്കൾ



ഒരിടത്ത് രണ്ട് രണ്ട് സുഹൃത്തുക്കൾ ഉണ്ടായിരുന്നു. രാജുവും രാമുവും. ഒരേ ഗ്രാമത്തിലായിരുന്നു അവരിരുവരും താമസിച്ചിരുന്നത്. രണ്ടു പേരും സമയം കിട്ടുമ്പോഴെല്ലാം ഒത്തുകൂടുമായിരുന്നു. അവർ ഒരുമിച്ചു കളിച്ചുല്ലസിച്ചു നടന്നു. അവരുടെ ഗ്രാമത്തിനോട് അടുത്ത് ഒരു കാടുണ്ടായിരുന്നു. ഒരു ദിവസം രാജു രാമുവിനോട് ചോദിച്ചു:

"നമുക്ക് കാട്ടിൽ പോയാലോ? അവിടെ നിറയെ പലതരത്തിലുള്ള പഴങ്ങളുണ്ട്. പഴങ്ങളും ശേഖരിച്ച് വൈകുന്നേരത്തിന് മുമ്പ് മടങ്ങാം"

ഇതു കേട്ട് രാമുവിന് സന്തോഷമായി അവൻ പറഞ്ഞു:

"തീർച്ചയായും നമുക്ക് പോകാം. എനിക്ക് കാട്ടിൽ പോകുന്നത് ഇഷ്ടമാണ് . കൂടാതെ നമുക്ക് നിറയെ പഴങ്ങളും കഴിക്കാമല്ലോ !"

അങ്ങനെ അവരിരുവരും കാട്ടിലേക്ക് പുറപ്പെട്ടു. യാത്രയ്ക്കിടയിൽ രാജു രാമുവിനോട് പറഞ്ഞു.

" നമ്മൾ കാട്ടിലേക്കാണ് പോകുന്നത്. വളരെയധികം സൂക്ഷിക്കണം. വന്യമൃഗങ്ങളൊക്കെ ഉണ്ടെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്.

ഇതു കേട്ട് രാമു പറഞ്ഞു.

"നീ പറഞ്ഞതു ശരിയാണ് . നമുക്ക് ശ്രദ്ധിച്ചു പോകാം. അങ്ങനെ അവർ കാട്ടിലെത്തി. അവിടെ മരങ്ങളിൽ നിറയെ പലതരത്തിലുള്ള പഴങ്ങൾ നിൽക്കുന്നുണ്ട്. ഇതു കണ്ട രാജുവും രാമുവും അത്ഭുതപ്പെട്ടു. അവർ പഴങ്ങൾ ശേഖരിക്കാൻ തുടങ്ങി. അവരുടെ മുഴുവൻ ശ്രദ്ധയും പഴങ്ങൾ ശേഖരിക്കുന്നതിലായി. അപ്പോൾ പുറകിൽ ഒരു ശബ്ദം കേട്ടു. അവർ ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കി.

"അതാ ഒരു കരടി"

അത് അവരുടെ അടുത്തേക്ക് വരുന്നു.

ഇതു ക രാജുവും രാമുവും ഒാടി

മരത്തിൽ കയറാൻ അറിയാവുന്ന രാജു രാമുവിനെ ഒന്ന് തിരിഞ്ഞുപോലും

നോക്കാതെ ഒരു മരത്തിൽ ഒാടി കയറി. എന്നാൽ രാമുവിനാകട്ടെ മരത്തിൽ

കയറാൻ അറിയില്ലായിരുന്നു കരടി രാമുവിന്റെ അടുത്തെത്താറായി. എന്തു
ചെയ്യണം എന്നറിയാതെ അവൻ വിഷമിച്ചു. അപ്പോഴാണ് പ മുത്തശ്ശി
പറഞ്ഞു കൊടുത്തത് അവന് ഓർമ വന്നത് .

"കരടി ഒരിക്കലും ജീവനില്ലാത്തവയെ ഭക്ഷിക്കുകയില്ല"

അവൻ മറ്റൊന്നും ചിന്തിക്കാതെ നിലത്ത് കിടന്നു.കരടി അടുത്തെത്തിയപ്പോൾ
അവൻ കണ്ണുകളും അടച്ച് ശ്വാസമടക്കിപിടിച്ച് ജീവനില്ലാത്തത് പോലെ
അനങ്ങാതെ കിടന്നു.കരടി അവന്റെ കാലും കൈയും ചെവിയുമൊക്കെ മണപ്പിച്ചു.
ജീവനില്ല എന്ന് ഉറപ്പിച്ചശേഷം കരടി അവിടെ നിന്ന് പോയി.

രാജു മരത്തിന്റെ മുകളിയിരുന്നു. മുകളിനിരുന്ന് അവൻ ഇതെല്ലാം
കാണുന്നുണ്ടായികുന്നു. കരടിപോയികഴിഞ്ഞു എന്ന് ഉറപ്പായപ്പോൾ രാജു മരത്തിൽ
നിന്നും പതിയെ താഴെ ഇറങ്ങി . രാമുവിന്റെ അരികിലെത്തി അവനെ തട്ടി വിളിച്ചു
രാമു കണ്ണും തുറന്ന് ചുറ്റും നോക്കി. കരടി പോയികഴിഞ്ഞു എന്ന് മനസിലാക്കിയ
അവൻ ചാടി എഴുന്നേറ്റു.ആശ്ചര്യം വിട്ടുമാറാത്ത രാജു രാമുവിനോട് ചോദിച്ചു

"കരടി നിന്റെ ചെവിയിൽ എന്തോ പറയുന്നത് കണ്ടല്ലോ
എന്താണ് കരടി പറഞ്ഞത് "

ഇതുകേട്ട രാമു ചിരിച്ചു കൊണ്ട് പറഞ്ഞു .

"അതോ ആപത്തിൽ സഹായിക്കാതെ സ്വന്തം കാര്യം മാത്രം നോക്കി പോകുന്ന സുഹൃർത്തിനെ ഒരിക്കലും വിശ്വസിക്കരുത് ". എന്നാണ് കരടി പറഞ്ഞത്.

രാമുവിന്റെ മറുപടി കേട്ട രാജു ഇളിഭ്യനായി ഒന്നും ഒന്നും പറയാനാവതെ തലകുനിച്ചു നിന്നു.

ഈ കഥയിലെ ഗുണപാഠം എന്നുള്ളത്

| |
|---|
| ഏത് സാഹചര്യത്തിലും നമ്മോടൊപ്പം നിൽക്കുകയും |

പിന്തുണക്കുകയും ചെയ്യുന്നവരാണ്
യഥാർത്ഥ സുഹൃത്ത്

സന ഫാത്തിമ

# എന്റെ സ്വപ്ന ഗ്രാമം



കാത്തിരിക്കുന്നു ഞാൻ ആ നല്ല
നാളിന്റെ
ആഗമനത്തിനായി മൂകയായി.....
ആശ്ചര്യമില്ലാതെ അങ്കലാപ്പില്ലാതെ
കാത്തിരിക്കുന്നു ഞാൻ ഏകയായി....
ഓർക്കുന്നു ഞാൻ ഇന്നീ മരുഭൂമിയിൽ നിന്നും.

ദൈവനാടിന്റെ ആ ഗ്രാമഭംഗി....
ഓർക്കാതിരിക്കാൻ കഴിയില്ലെനിക്കിന്നു
വിരഹദു:ഖത്തിന്റെ വേദനയിൽ....
മകരമാസത്തിന്റെ മഞ്ഞിൽ വിരിയുന്ന
പൂക്കളെ കാണുവാൻ എന്ത് ഭംഗി....

കലപില ശബ്ദമായ് നിദ്രയുണർത്തുന്ന
കിളികളെ കാണുവാൻ എന്ത് ഭംഗി....
കുന്നും മലകളും പാടങ്ങളുമുള്ള
ഒരു കൊച്ചു ഗ്രാമമാണ് എന്റെ ഗ്രാമം....
കാത്തിരിക്കുന്നു ഞാൻ എന്റെ സ്വപ്ന ഗ്രാമം....

Anitta mariya shibu

# LET’S RAISE OUR VOICE TOGETHER



I want to write something;
but i am afraid to write it
i want to say something ;
but i am afraid to open my mouth;
i want to express something;
but i cant.....
because i fear my society
because i fear the laws they have made for girls
they started mocking me
for being a girl
but i am not ready to give up
i need to raise my voice
i have to move forward with pride
because i am a girl
a girl who takes pride in being a girl
the society that despises me today;
will proud of me tomorrow...
people who look down on us today
will salute us tomorrow or from today itself
because we are girls
and we are powerful
we are more powerful
we are more intelligent and we are more brave
because we are girls.......powerful girls
all this ugly rules the people have made,
will salute us once and for all
we are girls.... most powerful
the most powerful ones in this world
let us join our hands,
to raise our voices....

# കണക്കിൻ കളിയിലെന്നും



കണക്കിലെന്നും ,നീതന്നെ മുന്നിൽ ..
ഞാൻ ചിന്തിച്ച് തുടങ്ങുമ്പോഴേ,നീയത്,
കണ്ടെത്തിയിരിക്കും...
നൂറ് വഴിയിലൂടെ ...

മനക്കണക്കിലായാലും ,വഴിക്കണക്കായാലും, ,ഊഹക്കണക്കായാലും ..
കൂട്ടലിന്നവസാനം ,ശിഷ്ട്ട മെനിക്കെന്നും,നഷ്ടം മാത്രമായിരുന്നു ...

കൂട്ടും മുന്നേ,നഷ്ട്ടമെങ്ങനറിയാൻ, കണക്കിൽ ,ഞാനെന്നും പിന്നിലായിരുന്നല്ലോ..

വരവു നോക്കാതെ ചെലവ് ചെയ്യുന്ന ഞാനും ..
വരവിലൊട്ടും,ചെലവു.. ചെയ്യാത്ത നീയും ..

കൂട്ടിയാലൊരിക്കലും കൂടുകില്ലെന്നറിഞ്ഞിട്ടും ..
കൂട്ടായിട്ടിരിപ്പതേ, ത്യാഗമെന്നറിയണം ........

കണക്കിലെ കളികൾ രസകരമെങ്കിലും ..
രസിക്കാത്തവർക്കത്,, കഠിനം ,ദുഷ്ക്കരം...

നേർവഴിയിൽ ,ക്രിയ ചെയ്താൽ
ജയിക്കില്ലെന്നറിഞ്ഞാലും ,കുറുക്ക് വഴി ,
തേടിയലഞ്ഞിട്ടില്ലൊരു നാളും.

കണക്കുകൾ പലപ്പോഴും ,തെറ്റായ് ഭവിച്ചാലും
...............ഒരുനാളതൊക്കുമെന്ന് നിനപ്പതേ, ജീവിതം ....

Jayan master

# അമ്മയെന്ന സഹനപുഷ്പം

സജ ഫാത്തിമ



*പണിത്തിരക്കുകൾക്ക്*
*വിരാമം കുറിച്ചെന്നപോൽ*
*അവധിദിനം ആഗതമായപ്പോൾ*
*വീട്ടിലേക്കൊന്ന് വിളിച്ചു.*
*അച്ഛന്റെ കടിച്ചുകീറുന്ന വാക്കുകളിലും,*
*കത്തിയാളുന്ന അഗ്നിച്ചൂടിലും*
*ഉരുകാതെയുരുകുന്ന*
*അഗ്നിയിൽ കുരുത്ത സഹനപുഷ്പം*
*തൻ പ്രിയമകന്റെ കിന്നാരം*
*പറച്ചിലിനായ് കാത്തിരിക്കുകയായിരുന്നു.*
*വാതോരാതെയുള്ള കിന്നാരം പറച്ചിൽ*
*വരൾച്ചയിൽ പെയ്യുന്ന മഴയെന്നപോൽ*
*സുഖം പകർന്നിട്ടുണ്ടാവാം*
*സുഖമാണോ മോനേ...”?*
*എന്നമ്മതൻ ആശങ്കയ്ക്ക്*
*അത്യുൽസാഹത്തോടെ ആണെന്ന*
*മറുപടി പറഞ്ഞപ്പോൾ*
*പുഷ്പം ഒന്നുകൂടി വിടർന്ന്*
*മനോഹരിയാവുന്നത്*
*എനിക്കിവിടെ*
*കാണാൻ സാധ്യമായിരുന്നു.....*
*ഇന്നവധിയല്ലേ?*
*അവിടം തിരക്കൊഴിഞ്ഞ ദിനമല്ലേ...?*
*എന്ന ദിനമല്ലേ..?*

***എന്ന ചോദ്യത്തിന്***
***പുഷ്പത്തിൻ മറുപടിയെൻ കാതുകളിൽ***
***മുഴങ്ങിയപ്പോൾ,***
***അറിയാതെയെൻ ഹൃദയമൊന്ന് പിടഞ്ഞു.***
***കുഴഞ്ഞുപോവുന്ന നാവിൻ***
***തളർച്ച ഞാനറിയുന്നുണ്ടായിരുന്നു.***
***അമ്മതൻ മറുപടിയിങ്ങുനെ...***
***അവധി  യെന്ന വചനമെൻ ജീവിതത്തിൽ***
***നിന്നും പറിച്ചെടുത്ത കാലം തന്നെ ഇന്നെന്നിൽ***
***ഓർമ്മയില്ലാതായിരിക്കുന്നു മോനേ.....***

# ഇളം കൂട്

കാലത്തിനന്റെ ഒഴുക്കിൽ നീ എവിടെയോ
മറഞ്ഞു...
സ്നേഹത്തിന്റെ ആഴത്തിൽ നീ ഇളം തെന്നലായ്
മാറി...
സൗഹൃദം എന്ന മൂന്ന് അക്ഷരത്തിൽ ഒതുങ്ങാത്ത
സ്നേഹം നിലച്ചോ...
സൗഹൃദത്തിന്റെ ആഴത്തിൽ നീ നിർമ്മിച്ച കൂടിൽ
ഞാൻ ഏകയായ്...
നിൻ മുഖം മനസ്സിൽ പതിപ്പിച്ച് ഈ വരാന്തയിലൂടെ
നടക്കുമ്പോൾ...
വിങ്ങലിൻ തേങ്ങലിൻ ആഴം എത്രയാണ്
അറിയില്ല...
എന്തിന് കാലം ഇത്ര ക്രൂരയായി...
നിൻ വേർപാട് എനിക്ക് തേങ്ങലായി...
നാം ഒത്തുചേരുന്ന മരത്തിന്റെ നാല് ചുമരുകൾക്ക്
ഉള്ളിൽ ഏകയായി....
സ്നേഹം എന്ന ശക്തിയാൽ നാം ഉണ്ടാക്കിയ ഇളം
കൂടിൽ
എന്നെ തനിച്ചാക്കി നീ എങ്ങു മറഞ്ഞു...
കാത്തിരിക്കും ഞാൻ എന്റെ വേർപാട് വരെ...
നിൻ മുഖം മനസ്സിൽ പതിപ്പിച്ചു ഈ ലോകത്തിൽ
ഞാൻ യാത്ര തുടരുന്നു......



## മുയലും പുലിയും

ഒരുകാലത്തു പുലിയും മുയലും വലിയ കൂട്ടുകാരായിരുന്നു. താമസവും ഒന്നിച്ചുതന്നെ. പക്ഷെ അടുക്കള വേറെ വേറെയായിരുന്നു. എന്നുവെച്ചാൽ ഭക്ഷണവും പാചകവുമൊക്കെ പ്രേത്യേകം പ്രേത്യേകം. ഒരു ദിവസം അവർ കൃഷി ചെയ്യാൻ തീരുമാനിച്ചു. പക്ഷെ ഒരുമിച്ചല്ല വെവ്വേറെ തന്നെ. രാവിലെ രണ്ട് പേരും തൂമ്പയെടുത്കൊണ്ട് വയലിലേക്ക് പോകും. മുയൽ തന്റെ തോട്ടത്തിൽ എത്തിയ ശേഷം കൈയിലും കാലിലും കുറെ ചളി വാരി തേച്ചശേഷം നേരെ വീട്ടിലേക്കു മടങ്ങിപോകുന്നത് പതിവാക്കി. എന്നിട്ട് ഉച്ചവരെ അവൻ വെയിലുകാഞ്ഞുകിടക്കും. പുലി ഊണിനുവരുമ്പോൾ മുയൽ പറയും ഞാൻ തൊട്ടിപ്പണി കഴിഞ്ഞ് ഇപ്പോഴിങ്ങ് എത്തിയതേയുള്ളു എന്നിട്ട് ക്ഷീണമൊക്കെ അഭിനയിച്ചു കാണിക്കും. പുലി തന്റെ തോട്ടത്തിൽ പയറും കുമ്പളവും പാവലും എല്ലാം നട്ടു.ഒരു ദിവസം കുറെ പയർ കൊണ്ട് വന്നു അവൻ കറി വെക്കുകയും ചെയ്തു. അതുകണ്ട് മുയൽ പറഞ്ഞു " എന്റെ പയറും വിളയാറായി. നാളെ കുറെ ഞാൻ പറിച് കൊണ്ട് വരുന്നുണ്ട്. അന്ന് രാത്രി അവൻ ആരും കാണാതെ പുലിയുടെ തോട്ടത്തിൽ നിന്നും കുറേ പയർ മോഷ്ടിച്ചു. പിന്നെ കുറെ കുമ്പളവും. പാവലിനെയും വീട്ടില്ല. അതെല്ലാം തന്റെ തോട്ടത്തിൽ നിന്നാണെന്ന് അവൻ പുലിയോട് പറഞ്ഞു. മുയൽ മോഷണം പതിവാക്കി. കുറെ ദിവസം കഴിഞ്ഞപ്പോൾ പുലിക്ക് മനസിലായി തന്റെ തോട്ടത്തിൽ നിന്നും പയറും മറ്റും മോഷണം പോകുന്നുവെന്ന്. കള്ളനെ പിടികുടാൻ തന്നെ അവൻ തീരുമാനിച്ചു. അതിനായി ഒരു കെണിയൊരുക്കി. അന്നുരാത്രിയും പതിവുപോലെ

പച്ചക്കറി മോഷ്ടിക്കുവാൻ മുയൽ വന്നു. അവൻ കെണിയിൽ കുടുങ്ങുകയും ചെയ്തു അതുവഴി പോയ ഒരു കുറുക്കൻ മുയൽ കെണിയിൽ ആയത് കണ്ടു. മുയൽ കുറുക്കനോട് എന്നെ രക്ഷിക്കുവാൻ അപേക്ഷിച്ചു വിശ്വാസവഞ്ചന ചെയ്യുന്നവൻ ശിക്ഷിക്കപ്പെടുക തന്നെ വേണം കുറുക്കൻ പറഞ്ഞു. അവൻ പോയി പുലിയെ വിളിച്ചുകൊണ്ടുവന്നു. പുലി മുയലിനെ തല്ലിക്കൊന്ന ദൂരെയെറിഞ്ഞു...

Aleena shibu

## നന്ദി

സാങ്കേതിക വിദ്യ വളരെയധികം കുതിച്ചുയരുന്ന ഈ കാലത്ത ് അനന്തമായ ഡിജിറ്റൽ സാഗരത്തിലൂടെ ഞങ്ങളുടെ ഈ യാത്ര തീരുമാനിക്കുകയാണ്. ഈ യാത്രയിൽ ഞങ്ങളെ സഹായിച്ച എല്ലാ അധ്യാപകർക്കും കൂട്ടുകാർക്കും നന്ദി.

എഡിറ്റോറിയൽ ബോർഡ്